GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/06/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചാത്തന്നൂർ ബ്ലോക്കിന് കീഴിലുള്ള ചാത്തന്നൂർ, ആദിച്ചനെല്ലൂർ, ചിറക്കര കല്ലുവാതുക്കൽ, നെടുമ്പന, പരവൂർ, പൂതക്കുളം എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് ചാത്തന്നൂർ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീവത്സ പി ശ്രീനിവാസൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470349 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. പിഎം കിസ്സാൻ പദ്ധതിയുടെ ആനുകൂല്യം വാങ്ങിക്കുന്ന എല്ലാ ഗുണഭോക്താക്കളും ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതിനായി ഈ മാസം 30തിനകം 2026-2027 വർഷത്തെ E KYC

പൂർത്തിയാക്കേണ്ടതാണ്. കഴിഞ്ഞ വർഷം ചെയ്തവർ ഈ വർഷവും EKYC രജിസ്റ്റർ ചെയ്താൽ മാത്രമേ തുടർന്നുള്ള ആനുകൂല്യം ലഭ്യമാവുകയുള്ളൂ.

3. കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയും കർഷകരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "പൾസസ് മിഷൻ". പയറുവർഗ്ഗ വിളകളുടെ മൂല്യവർധന ഉറപ്പാക്കുകയും, കൊയ്ത്തിന് ശേഷമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രോസസ്സിംഗ്&പാക്കേജിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. പയർ ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), സ്വയംസഹായ സംഘങ്ങൾ (SHG), പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ (PACS), ക്ലസ്റ്റർ ലെവൽ ഫെഡറേഷനുകൾ (CLF), വ്യക്തികൾ, രജിസ്റ്റർ ചെയ്ത സംഘടനകൾ എന്നിവർക്ക് ഈ പദ്ധതിക്ക് അപേക്ഷിക്കാം. ഗ്രൂപ്പ് വിഭാഗത്തിൽ അപേക്ഷിക്കുന്ന FPO, CLF, PACS തുടങ്ങിയ സ്ഥാപനങ്ങൾ കുറഞ്ഞത് രണ്ട് വർഷമായി പ്രവർത്തിച്ചു വരുന്നവരായിരിക്കണം. വ്യക്തിഗത വിഭാഗത്തിൽ അപേക്ഷിക്കുന്നവർക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം.

പദ്ധതിച്ചെലവിന്റെ കുറഞ്ഞത് 15 ശതമാനം സ്വന്തം വിഭവങ്ങളിൽ നിന്ന് കണ്ടെത്താനുള്ള സാമ്പത്തിക ശേഷി ഉള്ളവരും ആയിരിക്കണം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, വനിതകൾ, മലനിര മേഖലകൾ, ആസ്പിരേഷണൽ ജില്ലകൾ, PMDDKY പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്കും ഗ്രൂപ്പുകൾക്കും പ്രത്യേക പരിഗണന ലഭിക്കും. ഒരു യൂണിറ്റിന് പദ്ധതിച്ചെലവിന്റെ 33 ശതമാനം വരെ, പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. പൾസസ് മിഷൻ പദ്ധതിയിൽ ധനസഹായം ലഭിക്കാൻ ബാങ്ക് വായ്പ നിർബന്ധമായും എടുക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

4. തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് കൃഷിഭവനിൽ തെങ്ങിൻ തൈകൾ വിൽപ്പനക്ക് ഒരു തൈക്ക് 50 രൂപ. ആവശ്യമുള്ളവർ കരമടച്ച രസീതുമായി കൃഷി ഭവനിലെത്തി വാങ്ങാവുന്നതാണ് .

5. നെല്ല്, തെങ്ങ്, വാഴ, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, റബ്ബർ, പച്ചക്കറികൾ ഉൾപ്പെടെ 27 വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷയേകാൻ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റ്, വന്യജീവി ആക്രമണം തുടങ്ങി 11 തരത്തിലുള്ള പ്രകൃതി ക്ഷോഭങ്ങൾക്കെതിരെ സംരക്ഷണം. ഓൺലൈനായി എളുപ്പത്തിൽ AIMS പോർട്ടൽ

www.almsnew.kerala.gov.in വഴി അപേക്ഷിക്കാം. നഷ്ടം സംഭവിച്ചാൽ ഉടൻ കൃഷിഭവനെ അറിയിക്കുക. 15 ദിവസത്തിനുള്ളിൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾ ഫ്രീ നമ്പർ : 1800 425 1661 എന്ന നമ്പറിലോ കൃഷിഭവനുമായോ ബന്ധപ്പെടുക.

6. കാർഷിക നിർദ്ദേശം

നീർവാർച്ച കുറഞ്ഞ സ്ഥലങ്ങളിൽ പൈനാപ്പിളിന് കുമിൾ ബാധ മൂലം വേരു ചീയലും തണ്ടു ചീയലും കണ്ടു വരുന്നു. രോഗം ബാധിച്ച ചെടിയുടെ മദ്ധ്യഭാഗത്തുള്ള ഇലകൾ എളുപ്പത്തിൽ ഊരിപ്പോരുന്നതും അവയുടെ കടഭാഗം അഴുകി ദുർഗന്ധം വമിക്കുന്നതുമാണ് പ്രധാന ലക്ഷണങ്ങൾ. സ്യൂഡോമോണാസ് എന്ന ബാക്ടീരിയപ്പൊടി മണ്ണിൽ ചേർത്തു കൊടുക്കുന്നതു വഴി രോഗം വരുന്നത് തടയാം. ഇതോടൊപ്പം വേരിൽ മീലിമൂട്ടകളും കാണുന്നുണ്ട്. വെർട്ടിസീലിയം എന്ന ജീവാണു 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വേരുഭാഗത്ത് ഒഴിച്ചു കൊടുത്ത് ഇവയെ നിയന്ത്രിക്കാം.

7.